Circular No. 176
Mission Sunday 2015

Catholic Metropolitan's House
P.B. No. 71, Kottayam
Kerala, India-686001

Date: 28-09-2015

പ്രിയ ബഹു. അച്ചാ, സ്നേഹമുള്ള ദൈവജനമെ,

ക്രൈസ്തവ ജീവിതം നിരന്തരം സുവിശേഷ പ്രഘോഷണമാണെന്ന സത്യം നമ്മെ അനുസ്മരിപ്പിച്ചുകൊണ്ട് കടന്നുവരുന്ന ലോക മിഷൻ ഞായർ സാർവ്വത്രിക സഭ ഈ വർഷം ഒക്ടോബർ 18-ാം തീയതി ആചരിക്കുകയാണ്. മാമ്മോദീസായിലൂടെ നമുക്കു നൽകപ്പെട്ടിരിക്കുന്ന ഈ വലിയ ഉത്തരവാദിത്വത്തെപ്പറ്റി കൂടുതൽ അവബോധമുളവാക്കാനും അനുദിന ജീവിത സാഹചര്യങ്ങളിൽ സുവിശേഷത്തിനു സാക്ഷ്യം നൽകാനും ഈ ദിനം പ്രത്യേകമാംവിധം നമ്മോടാഹ്വാനം ചെയ്യുന്നു.

പ്രേഷിത പ്രവർത്തനം സഭയുടെ ഏറ്റം മഹത്വപൂർണ്ണവും പരിപാവനവുമായ കടമയാണ്. (Ag 29) ക്രൈസ്തവ ജീവിതത്തിന്റെ ആനന്ദവും ആഘോഷവും നമ്മിൽ നിറയുന്നത് പ്രേഷിത തീഷ്ണതയിലൂടെയാണ്. രക്ഷയുടെ സന്ദേശം സ്വീകരിച്ചവർ ആവേശത്തോടെ അത് സഹോദരങ്ങളിലേക്ക് പകരുമ്പോഴാണ് സുവിശേഷത്തിന്റെ അഗ്നി കത്തിപടരുന്നതും ലോകത്തെ മുഴുവൻ പ്രകാശിപ്പിക്കുന്നതും. സഭയെ സജീവമാക്കുന്നത് സുവിശേഷ പ്രഘോഷണമാണ്. അതുകൊണ്ടാണ് "സഭ അവളുടെ സ്വഭാവത്താൽത്തന്നെ പ്രേഷിതയാണ്" (AG 2) എന്ന് രണ്ടാംവത്തിക്കാൻ കൗൺസിൽ നമ്മെ അനുസ്മരിപ്പിക്കുന്നത്.

സഭയുടെ ഈ പ്രേഷിത സ്വഭാവം അനുദിന ജീവിത സാഹചര്യങ്ങളിലൂടെ പ്രകാശിപ്പിക്കാൻ ഓരോ ക്രൈസ്തവനും പ്രത്യേകമായ ചുമതലയുണ്ട്. സഭയുടെ അടിസ്ഥാന ഘടകമായ കുടുംബം പ്രേഷിത ചൈതന്യത്തിന്റെ പ്രഭവകേന്ദ്രമാകണം. വിവിധങ്ങളായ വെല്ലുവിളികളുടെ മദ്ധ്യത്തിൽ പതറാതെ വിശ്വാസത്തിൽ ഉറച്ചുനിൽക്കുന്ന ക്രൈസ്തവ കുടുംബങ്ങൾ നൽകുന്ന ജീവിതസാക്ഷ്യം നിരന്തരമായ സുവിശേഷ പ്രഘോഷണമാണ്. മാതൃകാപരമായ കുടുംബജീവിതത്തിലൂടെയും ജീവിത സാഹചര്യങ്ങളിൽ സുവിശേഷത്തോട് പുലർത്തുന്ന പ്രതിബദ്ധതയിലൂടെയുമാണ് ഓരോ അത്മായരും തങ്ങളുടെ പ്രേഷിതദൗത്യം ഫലപ്രദമായി നിറവേറ്റുക.

സാർവ്വത്രിക സഭ സമർപ്പിതവർഷമായി ആചരിക്കുന്ന ഈ അവസരത്തിൽ സമർപ്പിത ജീവിതത്തിലൂടെയുള്ള സുവിശേഷവൽക്കരണത്തെപ്പറ്റി മിഷൻ ഞായർ നമ്മെ പ്രത്യേകമാംവിധം അനുസ്മരിപ്പിക്കുന്നു. സമർപ്പിത ജീവിതവും പ്രേഷിതത്വവും തമ്മിൽ വലിയ ബന്ധമുണ്ട്. സഭയിൽ സമർപ്പിത ജീവിതത്തിന്റെ ഉത്ഭവം ഈശോയെ കൂടുതൽ അടുത്തനുകരിക്കാനുള്ള ആഗ്രഹമാണ്. പിതാവിനാൽ അയയ്ക്കപ്പെട്ട ഈശോയുടെ ജീവിതത്തിനു മുഴുവൻ ഒരു പ്രേഷിത സ്വഭാവമുണ്ട്. അതുകൊണ്ട് ഈശോയെ അടുത്തനുകരിക്കുന്ന എല്ലാവർക്കും ഈ പ്രേഷിത സവിശേഷത ഉണ്ടായിരിക്കണം. ഞാൻ സുവിശേഷം പ്രസംഗിക്കാതിരുന്നാൽ എനിക്ക് ദുരിതം എന്നുള്ള അപ്പസ്തോല വചനങ്ങൾ ഇക്കാര്യം നമ്മെ അനുസ്മരിപ്പിക്കുന്നു. സമർപ്പിത ജീവിതത്തിലേക്കു വിളിക്കപ്പെട്ടിരിക്കുന്ന ഓരോ വ്യക്തിയും തങ്ങൾക്കു പ്രത്യേകമാംവിധം ലഭിച്ചിരിക്കുന്ന പ്രേഷിത ദൗത്യത്തെപ്പറ്റി കൂടുതൽ അവബോധമുള്ളവരാകാൻ ഈ മിഷൻ ഞായർ ആചരണം അവർക്കു സഹായകമാകട്ടെ. സുവിശേഷ പ്രഘോഷണത്തിനായി പൂർണ്ണമായും നീക്കിവയ്ക്കപ്പെട്ട സമർപ്പിത ജീവിതങ്ങൾ സഭയുടെ യഥാർത്ഥ സമ്പന്നതയുടെ അടയാളമാണെന്ന ബോധ്യത്തോടെ സമർപ്പിതരെ ആദരിക്കാനും സമർപ്പിത ദൈവവിളികളെ പ്രോത്സാഹിപ്പിക്കാനും മിഷൻ ഞായർ നമ്മോടാവശ്യപ്പെടുന്നു. നമ്മുടെ അതിരൂപതയിൽ നിന്നും വിവിധ

മിഷൻ പ്രദേശങ്ങളിൽ സുവിശേഷ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന എല്ലാ സമർപ്പിതരെയും നമുക്ക് ഈ അവസരത്തിൽ കൃതജ്ഞതയോടെ അനുസ്മരിക്കാം. അവരിലൂടെ സാർവ്വത്രിക സഭയുടെ മിഷൻ പ്രവർത്തനങ്ങളിൽ ക്നാനായ സമുദായം നൽകുന്ന വിലപ്പെട്ട സംഭാവനകളെ അഭിമാനത്തോടെ അനുസ്മരിക്കുന്നതിനും അവരുടെ സേവനങ്ങളെ അഭിനന്ദിക്കുന്നതിനുമായി സമർപ്പിത വർഷാചരണങ്ങളുടെ ഭാഗമായി 2016 ജനുവരി 26-ാം തീയതി കോട്ടയം ക്രിസ്തുരാജാ കത്തീഡ്രലിൽ സമർപ്പിത മിഷനി സംഗമം നടത്തുന്ന കാര്യം നിങ്ങളെ സന്തോഷത്തോടെ അറിയിക്കട്ടെ.

നമ്മുടെ കുഞ്ഞുങ്ങളിൽ പ്രേഷിത ചൈതന്യം പരിപോഷിപ്പിക്കുന്നതിൽ വലിയ പങ്കുവഹിക്കുന്ന ചെറുപുഷ്പ മിഷൻ ലീഗിന്റെ പ്രവർത്തനങ്ങളെ കൂടുതൽ ശക്തിപ്പെടുത്താൻ മിഷൻ ഞായർ അവസരമൊരുക്കണം.

കുഞ്ഞുങ്ങളുടെ ക്രിസ്തീയ സ്വഭാവ രൂപവൽക്കരണത്തിലും പ്രേഷിത ചൈതന്യം പരിപോഷിപ്പിക്കുന്നതിലും അതിലുപരി അവരിലെ സമർപ്പിത ദൈവവിളികളെ തൊട്ടുണർത്തി വളർത്തിയെടുക്കുന്നതിലും ചെറുപുഷ്പ മിഷൻലീഗ് വലിയ പങ്കുവഹിക്കുന്നുണ്ട്. അതിനാൽ ചെറുപുഷ്പ മിഷൻലീഗിന്റെ പ്രവർത്തനങ്ങളെ എല്ലാവിധത്തിലും പ്രോത്സാഹിപ്പിക്കാൻ നമുക്ക് പരിശ്രമിക്കാം. നിലനിൽക്കുന്ന നന്മകൾ നമ്മുടെ കുഞ്ഞുങ്ങൾക്കു നൽകുന്ന ഈ സംഘടനയിൽ സജീവമായി പ്രവർത്തിക്കാൻ അവരെ പ്രോത്സാഹിപ്പിക്കുകയും അതുവഴി അവരിലും പ്രേഷിത ചൈതന്യം വളർത്തിയെടുക്കാൻ പരിശ്രമിക്കുകയും ചെയ്യുന്നതിലൂടെ നമ്മുടെ പ്രേഷിത ദൗത്യം കൂടുതൽ ഫലപ്രദമായി നിറവേറ്റാൻ നമുക്കു പരിശ്രമിക്കാം.

അനുഗൃഹീതവും അർത്ഥപൂർണ്ണവുമായ മിഷൻ ഞായർ അനുസ്മരണത്തിലൂടെ ക്നാനായ സമുദായത്തിന്റെ മിഷൻ ചൈതന്യം കൂടുതൽ തീഷ്ണവും ശക്തവുമാക്കാൻ നമുക്കേവർക്കും സാധിക്കട്ടെ എന്ന് ആശംസിക്കുന്നു.

*മിഷൻദിനാശംസകൾ ഏവർക്കും നേരുന്നു.*

ഈശോയിൽ സ്നേഹപൂർവ്വം,

✠ **മാർ മാത്യു മൂലക്കാട്ട്**
കോട്ടയം അതിരൂപത മെത്രാപ്പോലീത്ത

---

NB: ഈ സർക്കുലർ ഒക്ടോബർ 18-ാം തീയതി ഞായറാഴ്ച നമ്മുടെ എല്ലാ ഇടവക ദേവാലയങ്ങളിലും സ്ഥാപനങ്ങളിലും വി. കുർബാന മദ്ധ്യേ വായിച്ചറിയിക്കേണ്ടതും അന്നത്തെ സ്തോത്രകാഴ്ച അതിരൂപതാ കേന്ദ്രത്തിൽ ഏല്പിക്കേണ്ടതുമാണ്.